നം.സിഇഇ–2593/2006/റ്റിഎ.1

# കേരള സർക്കാർ

## പ്രവേശനപരീക്ഷാ കമ്മീഷണറുടെ കാര്യാലയം,

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ, തിരുവനന്തപുരം–01.

## പത്രക്കുറിപ്പ്

വിഷയം:– മെഡിക്കൽ/എഞ്ചിനീയറിംഗ് അലോട്ട്മെന്റ് – 2007, ന്യൂനപക്ഷ സമുദായ ങ്ങൾക്കുള്ള സംവരണം– സംബന്ധിച്ച്.

സൂചന:– 1. സർക്കാർ ഉത്തരവ് (ആർ.ടി) നം.139/2007/ഉ.വി.വ തീയതി: 09.07.2007.
2. സർക്കാർ ഉത്തരവ് (എം.എസ്) നം.109/2007/ഉ.വി.വ തീയതി: 10.08..2007.

കേരള സർക്കാരിന്റെ മേൽ പറഞ്ഞ ഉത്തരവുകൾ പ്രകാരം, ന്യൂനപക്ഷ പദവിയുള്ള തിരുവ നന്തപുരം ജില്ലയിലെ കാരക്കോണം, ഡോ. സോമർവെൽ സ്മാരക സി.എസ്.ഐ മെഡി ക്കൽ കോളേജിലും (SMC), മുസ്ലീം എഡ്യൂക്കേഷൻ സൊസൈറ്റിയുടെ നിയന്ത്രണത്തിലുള്ള എം.ഇ.എസ്. മെഡിക്കൽ കോളേജ്, പെരിന്തൽമണ്ണ (EMC), എം.ഇ.എസ് എഞ്ചിനീയറിംഗ് കോളേജ്, കുറ്റിപ്പുറം (MES), എന്നീ കോളേജുകളിലും സർക്കാരിന് ലഭ്യമായ 50% സീറ്റുക ളുടെ 20% ൽ പ്രസ്തുത കോളേജ് മാനേജ്മെന്റുകൾ പ്രതിനിധാനം ചെയ്യുന്ന സമുദായ ത്തിലെ വിദ്യാർ ത്ഥികളെ മെറിറ്റ് അടിസ്ഥാനത്തിൽ അലോട്ട് ചെയ്യുന്നതാണ്.

പ്രസ്തുത കോളേജുകളിൽ, ഇപ്രകാരം സംവരണം ചെയ്തിട്ടുള്ള സീറ്റുകളുടെ വിശദാംശ ങ്ങൾ ഇനി പറയുന്നു.

**SMC :** 8 സീറ്റുകൾ – എസ്.ഐ.യു.സി (സൗത്ത് കേരള ഡയോസിസ്)

2 സീറ്റുകൾ – പട്ടികജാതിയിൽ നിന്നും മത പരിവർത്തനം ചെയ്ത ക്രിസ്ത്യാനികൾ – എസ്.ഐ.യു.സി (സൗത്ത് കേരള ഡയോസിസ്)

മേൽപറഞ്ഞ വിഭാഗങ്ങളിൽ പെടുന്ന, പ്രവേശനപരീക്ഷയിൽ യോഗ്യത നേടിയ, വിദ്യാർത്ഥി കൾ വില്ലേജാഫീസിൽ നിന്നും ലഭിക്കുന്ന സമുദായ സർട്ടിഫിക്കറ്റിനുപുറമേ സൗത്ത് കേരള ഡയോസി/ ഇടവകയിലെ അധികാരികളിൽ നിന്നുമുള്ള സർട്ടിഫിക്കറ്റും 22.08.2007 നോ അതിനു മുമ്പായോ പ്രവേശനപരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ്. വില്ലേജാഫീ സർ നൽകിയിട്ടുള്ള ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടു ള്ളവർ ടി സർട്ടിഫിക്കറ്റ് വീണ്ടും സമർപ്പിക്കേണ്ടതില്ല.

**EMC, MES:** മുസ്ലീം വിഭാഗത്തിന്.

മുസ്ലീം വിഭാഗത്തിൽ പെടുന്നവരും, പ്രവേശനപരീക്ഷയിൽ യോഗ്യത നേടിയവരും പ്രവേശനപരീക്ഷയ്ക്കുള്ള അപേക്ഷയോടൊപ്പം സമുദായ സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ലാത്തവരുമായ വിദ്യാർത്ഥികൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസറിൽ നിന്നും സമുദായ സർട്ടിഫിക്കറ്റ് 22.08.2007 നോ, അതിനുമുമ്പായോ സമർപ്പിക്കേണ്ടതാണ്.

മേൽപറഞ്ഞ ന്യൂനപക്ഷ സമുദായങ്ങൾക്കു മാത്രമായി സംവരണം ചെയ്യപ്പെട്ടിട്ടുള്ള സീറ്റുകളിലേയ്ക്കുള്ള അലോട്ട്മെന്റിന് വാർഷിക കുടുംബ വരുമാനം പരിഗണിക്കുന്നതല്ല. ഈ സീറ്റുകളിലേയ്ക്കുള്ള അലോട്ട്മെന്റ് രണ്ടാം ഘട്ടത്തിൽ നടത്തുന്നതായിരിക്കും. സമുദായ സർട്ടിഫിക്കറ്റുകൾ (ഒറിജിനൽ/ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്), വിദ്യാർത്ഥിയുടെ അഡ്മിറ്റ് കാർഡിന്റെ പകർപ്പിനോടൊപ്പം പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ 22.08.2007 ന് 5 മണിക്ക് മുമ്പായി ലഭിച്ചിരിക്കണം. ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്താത്തതും, ഫാക്സ് മുഖേന ലഭിക്കുന്നതും, നിശ്ചിത തീയതിക്കു ശേഷം ലഭിക്കുന്നതും ആയ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

പ്രവേശനപരീക്ഷാ കമ്മീഷണർ

തിരുവനന്തപുരം,
14.08.2007